രജിസ്ട്രാറുടെ കാര്യാലയം
ഇ മെയിൽ: **registrar@kvasu.ac.in**
ഫോൺ: 04936 209220/21

# കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല
## പൂക്കോട്, ലക്കിടി.പി.ഒ., വയനാട് – 673 576

നം.കെ.വി.എ.എസ്.യു/ജി.എ/സി3/10923/2021 പൂക്കോട്, 04/03/2021

## പരിപത്രം

വിഷയം:–കെ.വി.എ.എസ്.യു–പൊതുഭരണം–വിവരാവകാശനിയമം–2005–അപേക്ഷാഫീസ് ഒടുക്കുന്നത്–സംബന്ധിച്ച്

സൂചന:– 18.12.2007 തീയതിയിലെ 540/2007/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

ഉപരി സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം കേരള സർക്കാരിന്റെ പൊതുഭരണ (ഏകോപന വകുപ്പ്), കേരള വിവരാവകാശ നിയമം–2006 ന്റെ ഫീസ് സംബന്ധിച്ച നിയമത്തിൽ 2007 ൽ വരുത്തിയ ഭേദഗതിയനുസരിച്ച് സർക്കാരിതര വകുപ്പുകളിൽ നിന്ന് വിവരം ലഭിക്കുന്നതിന് അതത് സ്ഥാപനത്തിന്റെ അക്കൗണ്ടുകളിൽ തന്നെ പണം ഒടുക്കേണ്ടതാണ്. ആയതിൻ പ്രകാരം സർവ്വകലാശാലയിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷാ ഫീസ് പകർപ്പ് ലഭ്യമാക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയെല്ലാം സർവ്വകലാശാല ഫണ്ടിൽ തന്നെ ഒടുക്കേണ്ടതാണ്. ആയതിനാൽ കോർട്ട്ഫീ സ്റ്റാമ്പ്, ട്രഷറി ചലാൻ തുടങ്ങിയവ സർവ്വകലാശാലയിൽ സ്വീകരിക്കേണ്ടതില്ല. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷാ ഫീസ്, പകർപ്പ് ലഭ്യമാക്കുന്നതിനുള്ള മറ്റു ചെലവുകൾ എന്നിവയ്ക്കായി സർവ്വകലാശാലയുടെ ഏതെങ്കിലും ഒരു ഓഫീസിൽ നേരിട്ട് അടച്ച രസീത്, സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ പേരിലെടുത്ത ഡി.ഡി(എസ്.ബി.ഐ കൽപ്പറ്റ ബ്രാഞ്ചിൽ മാറ്റാവുന്നത്), സർവ്വകലാശാല ഫിനാൻസ് ഓഫീസർ/പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ എന്നിവരാരുടെയെങ്കിലും പേരിലെടുത്ത പോസ്റ്റൽ ഓർഡർ (ലക്കിടി പോസ്റ്റ് ഓഫീസിൽ മാറ്റാവുന്നത്) എന്നിവയിൽ ഏതെങ്കിലും മാത്രമേ സ്വീകരിക്കുകയുള്ളൂ. കോർട്ട് ഫീ സ്റ്റാമ്പ്, ട്രഷറി ചലാൻ എന്നിവ വിവരാവകാശവുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് സർവ്വകലാശാലയിൽ സ്വീകരിക്കുന്നതല്ല.

ഒപ്പ്/–

**രജിസ്ട്രാർ**

സ്വീകർത്താക്കൾ: എല്ലാ ഓഫീസ്/സ്റ്റേഷൻ മേധാവികൾക്കും.
പകർപ്പ്: പി.എസ് ടു വി.സി/പി.എ ടു രജിസ്ട്രാർ/കരുതൽ/മിച്ചം

സർവ്വകലാശാലയ്ക്കു കീഴിലുള്ള എല്ലാ ഓഫീസുകളുടെയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിലേക്ക്/വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനു വേണ്ടി ഡി.ഇ യുടെ അറിവിലേയ്ക്ക്

**//ഉത്തരവിൻ പ്രകാരം //**

**അസിസ്റ്റന്റ് രജിസ്ട്രാർ**

Approved By Vijayan K (JOINT REGISTRAR) on 09/10/2023 09:45 AM
(The document is digitally approved and does not require any Seal or Signature in original)